## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം

വിഷയം :- ആ.വ.ഡ- ജീവനക്കാര്യം - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2, അന്തർ ജില്ലാ സ്ഥലംമാറ്റം - അപ്പീൽ സ്വീകരിച്ച് ഉത്തരവാകുന്നത് സംബന്ധിച്ച്.

പരാമർശം :- 1. ഉത്തരവ് നം.ഇ.ജി3-10388/2019/ആ.വ.ഡ തീയതി. 06/03/19.

2. ഉത്തരവ് നം.ഇ.ജി2 -40/2016/ആ.വ.ഡ തീയതി.25/01/19.

3. അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായി വിവിധ ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖാന്തിരം ലഭിച്ച അപ്പീൽ അപേക്ഷ.

### ഉത്തരവ് നം. ഇ.ജി3 -10388/ 2019/ ആ.വ.ഡ തീയതി 10 / 06 / 2019

പരാമർശം 2 പ്രകാരം നടത്തിയ സ്ഥാനക്കയറ്റത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ അന്തർജില്ലാ സ്ഥലമാറ്റത്തിനായി മാറ്റിവയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകളിലേക്ക് പരാമർശം 1 പ്രകാരം അന്തർജില്ലാസ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൻമേലുള്ള അപ്പീലുകൾ പരാമർശം 3 പ്രകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് വിശദമായി പരിശോധിക്കുകയും പരിഗണനാർഹമായ അപേക്ഷകൾക്ക് പരാമർശം 2 പ്രകാരമുള്ള ഒഴിവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | പേരും ജോലിചെയ്യുന്ന സ്ഥാപനവും | ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി | അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | ശ്രീമതി.സലീന.എ.കെ<br>സി.എച്ച്.സി, പേര്യ, വയനാട് | 25/02/2012 | കണ്ണൂർ |
| 2 | ശ്രീ. ദിലീപ് കുമാർ.പി.കെ<br>പി.എച്ച്.സി, എടക്കര, മലപ്പുറം | 09/02/2010 | വയനാട് |

മേൽ ജീവനക്കാർ, അനുവദിച്ചിരിക്കുന്ന ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ജില്ലയിലെ ഏറ്റവും ജൂനിയറായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ജീവനക്കാരന്റെ/ ജീവനക്കാരിയുടെ ജൂനിയറായി കണക്കാക്കേണ്ടതാണ്. കൂടാതെ സ്ഥാപനമേധാവികൾ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലംമാറ്റം നേടിയ കാര്യം ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

സ്ഥാപന മേധാവികൾ പകരക്കാരെ കാത്തുനിൽക്കാതെ സ്ഥലംമാറ്റപ്പെട്ടിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ അതാത് ജില്ലകളിലേക്ക് അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് അടിയന്തിരമായി നിയമന ഉത്തരവ് നൽകേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തരാവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്തു ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്/-
ഡോ. സെമീറ.എ
അഡീഷണൽ ഡയറക്ടർ (എ & റ്റി )

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), വയനാട്, കണ്ണൂർ, മലപ്പുറം.
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. സൂപ്രണ്ട്, ഇ.എസ് സെക്ഷൻ (മേൽ ജീവനക്കാരുടെ സീനിയോറിറ്റി IDT Rules അനുസരിച്ച് ക്രമീകരിക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്.
4) ഔദ്യോഗിക വെബ് സൈറ്റ്
5) ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്